"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നം. 33/എം2/2020/പൊവിവ
പൊതുവിദ്യാഭ്യാസ (എം) വകുപ്പ്
തിരുവനന്തപുരം,
തീയതി: 17/02/2020

സർക്കുലർ

വിഷയം:- പൊതുവിദ്യാഭ്യാസ വകുപ്പ്- പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതി- പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയുടെ ഭാഗമായി വിദ്യാലയങ്ങളിൽ "പഠനോത്സവം 2020" സംഘടിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് നിർദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന:- (1)സ.ഉ.(പി)നം186/2016/പൊ.വി.വ തീയതി: 7/11/2016
(2)സർക്കുലർ നം. എം.2/442/2018/പൊ.വി.വ തീയതി: 04/01/2019
(3)പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയുടെ സംസ്ഥാനതല കർമ്മസമിതി യോഗ നിർദേശം
(4)സ.ഉ(സാധാ)നം 450/2020/പൊ.വി.വ തീയതി : 23/01/2020
(5)പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ 29/01/2020 ന് സമർപ്പിച്ച കത്ത്

**********************

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി എല്ലാ വിദ്യാലയങ്ങളും മികവിന്റെ കേന്ദ്രമായി മാറുകയാണ്. പൊതുവിദ്യാലയങ്ങൾ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരുന്നു. അതിന്റെ തുടർച്ചയായി പ്രവർത്തന പദ്ധതികളും തയ്യാറാക്കി വിവിധങ്ങളായ പഠന പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഇങ്ങനെ നടക്കുന്ന പഠന പ്രവർത്തനങ്ങളുടെ ഫലപ്രാപ്തി സമൂഹവുമായി പങ്കുവയ്ക്കാൻ പഠനോത്സവം എന്ന വിപുലമായ പ്രവർത്തന പദ്ധതി വിദ്യാഭ്യാസ വകുപ്പ് പരാമർശം (2) പ്രകാരം കഴിഞ്ഞ വർഷവും നടത്തിയിട്ടുണ്ടായിരുന്നു. അതുപോലെ ഈ വർഷവും ഫെബ്രുവരി മാർച്ച് മാസങ്ങളിൽ എല്ലാ വിദ്യാലയങ്ങളിലും പഠനോത്സവങ്ങൾ നടത്തണം എന്ന് വിദ്യാഭ്യാസ വകുപ്പ് തീരുമാനിച്ചിട്ടുണ്ട്. 2020 വർഷവും പഠനോത്സവം നടത്തുന്നത് സംബന്ധിച്ച നിർദ്ദേശങ്ങളും ശിപാർശയും സഹിതം പരാമർശം (5) പ്രകാരം പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ നിരവധി സ്കൂളുകൾ മതിയായ എണ്ണം കുട്ടികൾ ഇല്ലാത്തവയാണ്. ഈ സ്കൂളുകളെ കേന്ദ്രീകരിച്ച് പഠനോത്സവത്തിന്റെ തുടർ പ്രവർത്തനങ്ങൾ നടത്തി നിലവിലുള്ള പരിമിതികൾ മുറിച്ചു കടക്കണമെന്നും തീരുമാനിച്ചിട്ടുണ്ട്. പഠനോത്സവത്തിന്റെ തുടർച്ചയായി വിദ്യാലയങ്ങളെ പൊതുവെയും മതിയായ എണ്ണം കുട്ടികൾ ഇല്ലാത്ത വിദ്യാലയങ്ങളെ സവിശേഷമായും കേന്ദ്രീകരിച്ചുകൊണ്ട് എൻറോൾമെന്റ് ക്യാമ്പയിനും നടത്തണം എന്ന് തീരുമാനിച്ചിട്ടുണ്ട്. ഇതിനായി പരാമർശം (4) പ്രകാരം സർക്കാർ ഉത്തരവും പുറപ്പെടുവിച്ചിട്ടുണ്ട്. ഈ പദ്ധതി നടപ്പാക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണം എല്ലാ ഘട്ടത്തിലും തേടേണ്ടതുണ്ട്.

പഠനോത്സവം 2020വുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു. ഇതിലെ നിർദേശങ്ങൾ അതതു പ്രദേശത്തിന്റെ സവിശേഷതകളും കൂടി പരിഗണിച്ച് സമയബന്ധിതമായി ഉചിതമായ രീതിയിൽ ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ നടപ്പാക്കേണ്ടതാണ്.

**എ.ഷാജഹാന്**
**സെക്രട്ടറി**

പകർപ്പ് – പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
അക്കൗണ്ടന്റ് ജനറൽ (എ &ഇ /ആഡിറ്റ്) കേരള, തിരുവനന്തപുരം
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം, തിരുവനന്തപുരം
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്, പൂജപ്പുര, തിരുവനന്തപുരം
ഡയറക്ടർ,എസ്.സി.ഇ.ആർ.ടി, തിരുവനന്തപുരം
ഡയറക്ടർ,സീമാറ്റ്, തിരുവനന്തപുരം
സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, സമഗ്രശിക്ഷ കേരളം, തിരുവനന്തപുരം
എല്ലാ ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും ( ഡി.ജി.ഇ മുഖേന)
എല്ലാ ഹയർസെക്കന്ററി ആർ.ഡി.ഡിമാർക്കും ( ഡി.ജി.ഇ മുഖേന)
എല്ലാ വൊക്കേഷണൽ ഹയർസെക്കന്ററി എ.ഡിമാർക്കും ( ഡി.ജി.ഇ.മുഖേന)
എല്ലാ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം ജില്ലാ കോ-ഓർഡിനേറ്റർമാർക്കും (സി.ഇ.ഒ മുഖേന)
എല്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും ( ഡി.ജി.ഇ മുഖേന)
എല്ലാ ഡയറ്റ് പ്രിൻസിപ്പൽമാർക്കും
ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
തദ്ദേശ സ്വയംഭരണ വകുപ്പ്
ഐ & പി.ആർ.ഡി (വെബ് & ന്യൂ മീഡിയ)

കരുതൽ ഫയൽ / ഓഫീസ് കോപ്പി
ബഹു.പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പി.എസിന്
പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ പി.എക്ക്

**എ.ഷാജഹാന്**
**സെക്രട്ടറി**

**<u>അനുബന്ധം</u>**

## പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം : പഠനോത്സവം 2020

കഴിഞ്ഞ അക്കാദമിക വർഷം (2018–19) നടത്തിയ പഠനോത്സവങ്ങൾ വളരെ നല്ല അനുഭവങ്ങളാണ് പ്രദാനം ചെയ്തിരുന്നത്. പൊതുസമൂഹം ഏറെ താൽപര്യത്തോടെ ഈ പ്രവർത്തനങ്ങളിൽ പങ്കാളികളായി. വിദ്യാലയങ്ങൾ പ്രതിഭകളിലേക്ക് എന്ന പ്രവർത്തന പരിപാടി പൊതുസമൂഹം പൊതുവിദ്യാലയങ്ങളിൽ എത്രമാത്രം തൽപരരാണ് എന്നതും പൊതുവിദ്യാലയങ്ങളുടെ അഭിവൃദ്ധിയിൽ എത്രമാത്രം അഭിമാനിക്കുന്നുവെന്നതും തിരിച്ചറിയുന്നതിന് നല്ല അവസരമായി. പൊതുവിദ്യാലയങ്ങളെല്ലാം മികവിന്റെ കേന്ദ്രങ്ങളായി മാറ്റുന്നതിനുള്ള പരിശ്രമങ്ങൾ നടത്തുന്നുണ്ട്. ഈ ശ്രമങ്ങളെയെല്ലാം സ്ഥായിയായി നിലനിർത്തുക എന്നത് വിദ്യാഭ്യാസ വകുപ്പിന്റെ ഉത്തരവാദിത്തമാണ്.

ഓരോ പൊതുവിദ്യാലയത്തിന്റേയും ക്യാച്ച്മെന്റ് ഏരിയയിലുള്ള കുട്ടികളെ പരമാവധി ആകർഷിക്കാൻ കഴിയണം. അങ്ങനെ കഴിയുന്നതുകൊണ്ടാണ് പൊതുവിദ്യാലയങ്ങളിൽ കഴിഞ്ഞ മൂന്ന് വർഷങ്ങളിലായി മുൻ വർഷങ്ങളെ അപേക്ഷിച്ച് കുട്ടികളുടെ എണ്ണം വർദ്ധിച്ചത്. എന്നാൽ കുറെയേറെ സ്കൂളുകളിൽ മതിയായ എണ്ണം കുട്ടികൾ ഇല്ലാത്ത സ്ഥിതി വിശേഷവുമുണ്ട്. ഇത് പരിഹരിക്കാനുള്ള നിർദേശങ്ങളടങ്ങിയ ഉത്തരവ് (23/01/2020 ലെ സ.ഉ(സാധാ) നം. 450/2020/പൊ.വി.വ.) ഫലപ്രദമായി നടത്താൻ കഴിയണം.

പൊതുസമൂഹവുമായി ഓരോ വിദ്യാലയത്തിന്റെയും ഗുണതാനുഭവങ്ങൾ പങ്കിടുന്നത് സമൂഹത്തിൽ വിശ്വാസ്യതയും പ്രതീക്ഷയും പതിന്മടങ്ങ് വർധിപ്പിക്കുകയും വരും വർഷങ്ങളിൽ കൂടുതൽ പേരെ പൊതുവിദ്യാഭ്യാസ ധാരയിലേക്ക് ആകർഷിക്കുവാനിടയാക്കുകയും ചെയ്യും .

രണ്ട് തലത്തിലുള്ള പ്രവർത്തനങ്ങളാണ് പഠനോത്സവത്തിന്റെയും തുടർപ്രവർത്തനങ്ങളുടേയും ഭാഗമായി വിഭാവനം ചെയ്യുന്നത്.

1. വിദ്യാലയങ്ങളിലെ പഠനമികവുകൾ പൊതുസമൂഹവുമായി പങ്കുവെക്കുക.
2. മതിയായ എണ്ണം കുട്ടികളില്ലാത്ത വിദ്യാലയങ്ങളിലേക്ക് കൂടുതൽ കുട്ടികളെ ആകർഷിക്കാനുള്ള പ്രവർത്തനങ്ങൾ.(പരാമർ ശം 4ഉത്തരവ്) ഫലപ്രദമായി നടപ്പാക്കുക.

2020 ഫെബ്രുവരിയിൽ തുടങ്ങി മെയ് 2020വരെ നാല് മാസം നീണ്ടു നിൽക്കുന്ന പ്രവർത്തന പദ്ധതികളാണ് നടപ്പാക്കേണ്ടത്.

### പഠനോത്സവ ലക്ഷ്യം

1. പൊതുവിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളാക്കി വളർത്തുക എന്ന പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം കാഴ്ചപ്പാട് എത്രമാത്രം ഫലപ്രദമായി നടക്കുന്നു എന്ന് വിലയിരുത്തുക.
2. കുട്ടികളുടെ പഠനമികവുകളെ പൊതുസമൂഹവുമായി പങ്കുവെക്കുക.
3. കുട്ടികൾ സ്വാംശീകരിച്ച അറിവും ആർജ്ജിച്ച കഴിവുകളും പഠനത്തെളിവുകളായി അവതരിപ്പിക്കാനുള്ള അവസരം ഒരുക്കുക.
4. ആർജ്ജിച്ച അറിവിനേയും കഴിവിനേയും സമൂഹവുമായി പങ്കുവെക്കാൻ അവസരം നൽകുക വഴി കുട്ടികൾക്ക് നന്നായി പഠിക്കുവാനും വളരുവാനുമുള്ള പ്രചോദനം

നൽകുക.

5. കുട്ടികളുടെ ആർജ്ജിതജ്ഞാനത്തെക്കുറിച്ചും വൈവിധ്യമാർന്ന കഴിവുകളെക്കുറിച്ചും സാമൂഹികമായ വിലയിരുത്തലിനുമുള്ള പുത്തൻ രീതിശാസ്ത്രം വികസിപ്പിക്കുക.

6. കുട്ടികളുടെ മികവാർന്ന പഠനത്തിനായി സമൂഹവും രക്ഷിതാക്കളും വഹിക്കേണ്ട പങ്കിനെക്കുറിച്ച് ധാരണ വികസിപ്പിക്കുക.

7. മതിയായ എണ്ണം കുട്ടികളില്ലാത്ത സ്കൂൾ എന്ന പരിമിതി മുറിച്ചു കടക്കാൻ സ്കൂളുകളെ പ്രാപ്തമാക്കുക.

**പഠനോത്സവം – സമീപനം**

പൊതുസമൂഹത്തിന്റെ അർത്ഥപൂർണ്ണമായ പങ്കാളിത്തത്തോടെയാകണം പഠനോത്സവങ്ങൾ നടക്കേണ്ടത്. ഉത്സവാന്തരീക്ഷമാകണം പഠനോത്സവങ്ങൾക്ക്. ഇതൊരു മത്സര വേദിയല്ലായെന്ന് എല്ലാ ഘട്ടങ്ങളിലും ഉറപ്പാക്കണം. മാത്രവുമല്ല ഇത് സ്കൂൾ വാർഷികത്തിന്റെ ഭാഗമായി നടത്തേണ്ട ഒരു പ്രവർത്തനവുമല്ല. കുട്ടികൾ പഠനത്തിന്റെ ഭാഗമായി ഉൾക്കൊണ്ട കാര്യങ്ങൾ നിർഭയമായി വിനിമയം ചെയ്യാനുള്ള വേദിയായി പഠനോത്സവം വളരണം. അതുകൊണ്ടുതന്നെ ആത്മവിശ്വാസത്തോടെ പ്രായത്തിനനുയോജ്യമായി പ്രശ്നസന്ദർഭങ്ങളെ അഭിമുഖീകരിക്കാനുള്ള അവസരം കുട്ടികൾക്ക് ലഭിക്കേണ്ടതുണ്ട്. ഭാഷാപരമായ കഴിവുകളും മറ്റ് വിഷയങ്ങളിലുള്ള ധാരണകളും വിദ്യാർത്ഥികൾക്ക് എത്രമാത്രം നേടാൻ കഴിഞ്ഞിട്ടുണ്ട് എന്ന് സമൂഹത്തിന് മനസ്സിലാക്കാനുള്ള അവസരമാകും ഇത്. ആയതിനാൽ കുട്ടിക്ക് നിർഭയമായി പഠിച്ച കാര്യങ്ങളെ അടിസ്ഥാനപ്പെടുത്തി ആത്മാവിഷ്കാരത്തിനുള്ള സ്വതന്ത്ര വേദിയായി പഠനോത്സവവേദി മാറണം. . കുട്ടികൾ ഉൾക്കൊണ്ട കാര്യങ്ങൾ ആനന്ദത്തോടെയും ആഹ്ലാദത്തോടെയും എന്നാൽ അർത്ഥപൂർണ്ണമായും പ്രകടിപ്പിക്കാനുള്ള അവസരം ഒരുക്കാൻ കഴിയണം. ചുരുക്കിപ്പറഞ്ഞാൽ കുട്ടികൾക്ക് അറിവിന്റെ ആനന്ദം അനുഭവവേദ്യമാകുന്ന സ്വതന്ത്രവേദിയാകും പഠനോത്സവ വേദി. ഇത് കൃത്യമായ ആസൂത്രണത്തോടെ അദ്ധ്യാപകരും, രക്ഷിതാക്കളും, സമൂഹവും, കുട്ടികളുടെ മികവുകൾ അറിയാൻ ഒരുക്കുന്ന വിശാല ഒത്തുചേരൽ വേദിയാണ്.ഈ വേദിയിൽ കുട്ടികളുടെ കഴിവുകളെ പരസ്പരം താരതമ്യം ചെയ്യാനോ കുട്ടികളെ മാനസികമായി മുറിപ്പെടുത്താനോ പാടില്ല. ഇതൊരു പരീക്ഷയല്ല. അതോടൊപ്പം യാന്ത്രികമായി തയ്യാറായി വന്ന് മറ്റുള്ളവരുടെ മുന്നിൽ കേവലമായി അവതരിപ്പിക്കുന്ന പ്രവർത്തനവുമല്ല. കുട്ടികൾക്ക് ആത്മവിശ്വാസം പകരുന്ന കൂട്ടായ്മയുടേതായ മൂല്യബോധം വളർത്തുന്ന വിദ്യാഭ്യാസ പ്രവർത്തനമാണ് പഠനോത്സവം. ഇങ്ങനെ നടത്തുന്ന പഠനോത്സവം പൂർണ്ണമായും ഹരിതചട്ടം പാലിച്ചായിരിക്കും നടക്കുക.

**പഠനോത്സവത്തിന്റെ ഉള്ളടക്കം**

1. വിദ്യാലയത്തിന്റെ അക്കാദമിക നിലവാരം കുട്ടികളുടെ പ്രകടനങ്ങളിലൂടെ സമൂഹത്തെയും രക്ഷിതാക്കളെയും അറിയിക്കുകയാണ് പഠനോത്സവത്തിൽ നടക്കേണ്ടത്.

2. ഒന്നാം ക്ലാസ് മുതൽ പന്ത്രണ്ടാം ക്ലാസ് വരെയുള്ള കുട്ടികൾ അവർ വിവിധ വിഷയങ്ങളിൽ പഠനത്തിലൂടെ നേടിയ കഴിവുകൾ പങ്കിടണം.

3. ഒന്ന് രണ്ട് ക്ലാസുകളിൽ ഉദ്ഗ്രഥനരീതിയിലുള്ള പ്രവർത്തനങ്ങളുടെ സാധ്യതയും പ്രയോജനപ്പെടുത്തണം.

**പഠനോത്സവ തന്ത്രം**

1. രക്ഷിതാക്കൾ ഉൾപ്പടെയുള്ള സമൂഹത്തിനു മുമ്പാകെ പ്രവർത്തനങ്ങൾ,

വാചികാവതരണങ്ങൾ, മറ്റുരീതിയിലുള്ള പ്രകടനങ്ങൾ എന്നിവ കുട്ടികൾ നടത്തുകയും സമൂഹം അതിനോട് സംവദിക്കുകയുമാണ് വേണ്ടത്. സമൂഹത്തിനോട് കുട്ടികൾ പ്രതികരിക്കണം. അവരുടെ സംശയങ്ങൾക്ക് മറുപടി നൽകണം. വ്യക്തതയ്ക്ക് വേണ്ടി ആവശ്യമെങ്കിൽ വിശദീകരണവും നൽകണം. നിശ്ചിത പഠനമേഖലയിൽ ആഴത്തിലുള്ള അറിവിന്റെ ഉടമകളാണ് തങ്ങളെന്ന് കുട്ടികൾ രക്ഷിതാക്കളെയും സമൂഹത്തെയും ബോധ്യപ്പെടുത്തുന്ന സന്ദർഭമാണിത്.

2. പരമാവധി കുട്ടികൾക്ക് അവസരം ഒരുക്കുക എന്നതാണ് പ്രധാനം. ആയതിനാൽ ഒരു കുട്ടി ഒരിനത്തിൽ കൂടുതൽ അവതരിപ്പിക്കേണ്ടതില്ല എന്ന് തീരുമാനിക്കുന്നതാണ് അഭികാമ്യം. ഇനങ്ങൾ തീരുമാനിക്കുമ്പോൾ വൈവിധ്യം കണക്കിലെടുക്കണം.

3. പൊതുവെ വിദ്യാലയങ്ങളിൽ ഡിവിഷൻ തലത്തിൽ എല്ലാ കുട്ടികൾക്കും കഴിവുകൾ പങ്കിടുന്നതിന് അവസരം നൽകിയ ശേഷം പൊതുസദസ്സിൽ പഠനോത്സവത്തിന്റെ ഭാഗമായി കുട്ടികളുടെ അവതരണം എന്ന രീതി സ്വീകരിക്കുന്നത് കുട്ടികളുടെ പങ്കാളിത്തം വർധിപ്പിക്കാൻ സഹായിക്കും. ഇങ്ങനെ ക്ലാസ്സ് തലത്തിൽ ചെയ്യുമ്പോൾ ക്ലാസ്സ് പിടിഎയുടെ പൂർണ്ണപങ്കാളിത്തം ഉറപ്പാക്കണം.

4. മറ്റൊരു രീതിയായി നിർദേശിക്കാവുന്നത് സമാന്തരമായി പല വിഷയഗ്രൂപ്പുകളിലുള്ള അവതരണങ്ങളാണ്. ഇങ്ങനെ ചെയ്യുമ്പോൾ രണ്ടു വിഷയമെങ്കിലും ഒരു ഗ്രൂപ്പിൽ വരുന്നതിന് ശ്രദ്ധിക്കണം. ഇതിനായി വ്യത്യസ്ത മൂലകൾ ( കോർണറുകൾ) ക്രമീകരിച്ചാൽ മതി.

5. പ്രൈമറിതലത്തിൽ എല്ലാ ക്ലാസ്സുകളിലും എല്ലാ കുട്ടികളുടേയും പങ്കാളിത്തം വിവിധ ഘട്ടങ്ങളിൽ ഉറപ്പാക്കണം. അതുകൊണ്ടാണ് ക്ലാസ്സ്തലവും സ്കൂൾതലവും എന്ന് നിർദ്ദേശിക്കുന്നത്. 60കുട്ടികളിൽ കുറവുള്ള സ്കൂളുകളിൽ സ്കൂളിനെ ഒരു യൂണിറ്റായി പരിഗണിച്ചാൽ മതിയാകും.

6. പങ്കാളിത്തം ആസൂത്രണം ചെയ്യുമ്പോൾ ഭിന്നശേഷി കുട്ടികളുടെ പങ്കാളിത്തം ഉറപ്പുവരുത്താൻ പ്രത്യേകം ശ്രദ്ധിക്കണം.

7. ഹൈസ്കൂൾ, ഹയർസെക്കന്ററി തലങ്ങളെ വെവ്വേറെ യൂണിറ്റായി പരിഗണിച്ച് പ്രാതിനിധ്യ സ്വഭാവത്തിൽ ഈ ഘട്ടത്തിൽ പരിഗണിക്കാവുന്നതാണ്.

8. അവതരണരീതി, ഉള്ളടക്ക പരിഗണന, അവതരണത്തെത്തുടർന്നുള്ള വിശകലനം എന്നിവ സംബന്ധിച്ച് എല്ലാ വിദ്യാലയങ്ങളും ഈ സർക്കുലറും സമഗ്രശിക്ഷ തയ്യാറാക്കുന്ന അക്കാദമിക മാർഗ്ഗരേഖയും അടിസ്ഥാനപ്പെടുത്തി സ്വയം സജ്ജമാകണം. ഈ സജ്ജമാകൽ പ്രക്രിയയ്ക്ക് സമഗ്രശിക്ഷയുടെ ട്രെയിനർമാരുടെ സഹായം ഉണ്ടാകും.

**പഠനോത്സവ കാലയളവ്**

202 0 ഫെബ്രുവരിയിൽ പഠനോത്സവം സ്കൂൾ തലത്തിൽ സംഘടിപ്പിക്കണം. തുടർപ്രവർത്തനങ്ങൾ പ്രവേശനോത്സവം വരെ നീണ്ടു നിൽക്കും.

**പഠനോത്സവ സംഘാടനം**

*സ്കൂൾ തലം*

സ്കൂൾ തലത്തിൽ ഫെബ്രവരി 5നകം സംഘാടകസമിതി ചേരണം. ജനപ്രതിനിധികൾ , എസ് എം സി അംഗങ്ങൾ, പി ടി എ എക്സിക്യൂട്ടിവ് കമ്മറ്റിയംഗങ്ങൾ, വിദ്യാലയവികസനസമിതി അംഗങ്ങൾ, പൂർവവിദ്യാർഥികൾ, പ്രാദേശിക വിദ്യാഭ്യാസ പ്രവർത്തകർ എന്നിവരെ സംഘാടകസമിതിയിലേക്ക് ക്ഷണിക്കണം

**സംഘാടകസമിതിയുടെ ചുമതലകൾ**

1. പഠനോത്സവത്തിന്റെ പ്രചാരണം ( നോട്ടീസ്, പത്രവാർത്ത, പോസ്റ്റർ, ബാനർ മുതലായവ)

2. പഠനോത്സവത്തിൽ പങ്കെടുക്കേണ്ട വിശിഷ്ട വ്യക്തികളെയും വിദഗ്ധരെയും ക്ഷണിക്കൽ .

3. രക്ഷിതാക്കളുടെയും പ്രാദേശിക വിദ്യാഭ്യാസ പ്രവർത്തകരുടെയും പൊതുവിദ്യാഭ്യാസത്തിന്റെ അഭ്യുന്നതിയിൽ താല്പര്യമുള്ളവരുടെയും പങ്കാളിത്തം ഉറപ്പാക്കൽ

4. പഠനോത്സവത്തിന്റെ കാര്യപരിപാടി അംഗീകരിക്കൽ

5. പഠനോത്സവം വിജയിപ്പിക്കുന്നതിനുള്ള മറ്റു ക്രമീകരണങ്ങൾ നടത്തൽ

6. നടന്ന പ്രവർത്തനങ്ങളുടെ ഡോക്യുമെന്റേഷൻ

സ്കൂൾ തലത്തിൽ എസ് ആർ ജി കൂടി പഠനോത്സവത്തിന്റെ ഉള്ളടക്കം , ക്ലാസ് , വിഷയ പ്രാതിനിധ്യം എന്നിവ തീരുമാനിക്കണം. സ്റ്റാഫ് കൗൺസിൽ ഓരോ വിഷയത്തിനും ഓരോ ക്ലാസിനും അനുവദിക്കാവുന്ന സമയം നിശ്ചിയിക്കണം. പഠനോത്സവത്തിൽ ഓരോ ക്ലാസിൽ നിന്നും അവതരിപ്പിക്കേണ്ട ഇനങ്ങൾ തീരുമാനിച്ച് അതിന് ക്ലാസ് ടീച്ചർക്ക് ചുമതല നൽകണം. പരമാവധികുട്ടികൾക്ക് പ്രാതിനിധ്യം ലഭിക്കണം.

**ഉപജില്ല/ ബി ആർ സി തലം**

***1. പ്രഥമാധ്യാപകരുടെ യോഗം ( ഫെബ്രുവരി )***

പ്രഥമാധ്യാപകരുടെ യോഗം ഉപജില്ലാ ഓഫീസർ വിളിച്ചുചേർക്കണം. ഈ യോഗത്തിൽ പഠനോത്സവത്തിന്റെ പ്രാധാന്യം വിശദീകരിക്കണം. ഉള്ളടക്കം സംബന്ധിച്ച് വ്യക്തത വരുത്തണം. സമഗ്രശഇക്ഷയുടെ പ്രാതിനിധ്യം ഈ യോഗത്തിൽ ഉറപ്പാക്കണം. ഡയറ്റ് ഫാക്കൽറ്റിയുടെ പ്രാതിനിധ്യവും ഉണ്ടാകണം.

***2. സ്കൂൾ തല ആസൂത്രണം.***

ക്ലാസടിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലും പഠനോത്സവത്തിലേക്ക് പരിഗണിക്കാവുന്ന പ്രവർത്തനങ്ങളുടെ സാധ്യതകൾ പരിചയപ്പെടുത്തുന്നതിനും പഠനോത്സവത്തിന്റെ അക്കാദമിക തലത്തെക്കുറിച്ച് വ്യക്തത വരുത്തുന്നതിനുമായി സ്കൂൾ തല അദ്ധ്യാപക കൂടിയിരുപ്പ് ഉണ്ടാകണം. ഈ കൂടിയിരുപ്പിന് സമഗ്രശിക്ഷ കേരളം ട്രെയിനർമാർ, ക്ലസ്റ്റർ കോ-ഓർഡിനേറ്റർമാർ എന്നിവരെ ചുമതലപ്പെടുത്തേണ്ടതാണ്.

***3. പഠനോത്സവം നടക്കുന്നു എന്നുറപ്പാക്കൽ***

പഠനോത്സവസംഘാടനം മുതൽ ആസൂത്രണം ചെയ്ത എല്ലാ കാര്യങ്ങളും നടക്കുന്നു എന്നുറപ്പാക്കണം. ഓരോ വിദ്യാലയവും സംഘാടകസമിതി കൂടുന്ന തീയതി ഉപജില്ലാ ഓഫീസറെ അറിയിക്കേണ്ടതാണ്. പരമാവധി സംഘാടകസമിതി

രൂപീകരണയോഗങ്ങളിൽ ഉപജില്ലാ ഓഫീസർ, ബി പി സി, ഡയറ്റ് ഫാക്കൽറ്റിയംഗം, ബി ആർ സി പ്രതിനിധികൾ എന്നിവർ പങ്കെടുക്കണം.

പഠനോത്സവദിനങ്ങളിലും വിദ്യാലയങ്ങളിൽ സന്ദർശനം നടത്തി പ്രവർത്തനം വിലയിരുത്തണം. പ്രഥമാധ്യാപകരിൽ നിന്നും രക്ഷിതാക്കളിൽ നിന്നും ഫീഡ് ബാക്ക് ശേഖരിക്കണം. പഠനോത്സവത്തിന്റെ റിപ്പോർട്ട് തയ്യാറാക്കി മേൽ ഘടകങ്ങൾക്ക് സമർപ്പിക്കേണ്ടതുമാണ്.

### *4. ഉപജില്ലാതല ഉദ് ഘാടനം*

പഠനോത്സവത്തിന്റെ ഉപജില്ലാതല ഉദ് ഘാടനം നടത്തേണ്ടതാണ്. തദ്ദേശഭരണ സ്ഥാപനതല ഉദ് ഘാടനം ക്രമീകരിക്കുന്നതിന് നിർദേശം നൽകണം.

**ജില്ലാതലം**

*1. വിദ്യാഭ്യാസ ഓഫീസർമാരുടെ യോഗം (ഫെബ്രുവരി ആദ്യവാരം)*

ജില്ലാതലത്തിൽ വിദ്യാഭ്യാസ ഓഫീസർമാരുടെ യോഗം ഡി ഡി ഇ വിളിച്ചുചേർക്കണം. സമഗ്രശിക്ഷ, ഹയർസെക്കന്ററി വിഭാഗം, വൊക്കേഷണൽ ഹയർസെക്കന്ററി വിഭാഗം, കൈറ്റ്, ഡയറ്റ് ചുമതലക്കാരെയും, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം കോ-ഓർഡിനേറ്റർ എന്നിവരേയും ഇതിൽ പങ്കാളികളാക്കണം. പഠനോത്സവ സംഘാടനം സംബന്ധിച്ച വിശദാംശങ്ങൾ ചർച്ച ചെയ്യണം. വിദ്യാഭ്യാസ ഓഫീസർമാർ, ഡയറ്റ് , സമഗ്രശിക്ഷ എന്നിവരുടെ ചുമതലകൾ നിശ്ചയിക്കണം. ജില്ലാതല പരിശീലനം, ജില്ലാതല ഉദ് ഘാടനം, പ്രചരണം, മോണിറ്ററിംഗ് എന്നിവ സംബന്ധിച്ച കാര്യങ്ങളിൽ തീരുമാനം ഉണ്ടാകണം.

*2. സംസ്ഥാന തല പരിശീലനം - സമഗ്രശിക്ഷയുടെ നേതൃത്വത്തിൽ നടത്തണം.*

*3. ജില്ലാ തല പരിശീലനം*

ഓരോ ബി ആർ സിയിൽ നിന്നും ബി.ആർ.സി പ്രതിനിധികൾ പരിശീലനത്തിൽ പങ്കെടുക്കേണ്ടതാണ്. ഇവരെക്കൂടാതെ ഡയറ്റ് ഫാക്കൽറ്റി അംഗങ്ങളും പങ്കെടുക്കണം. പരിശീലനകേന്ദ്രം നിശ്ചയിക്കണം. റിസോർസ് അദ്ധ്യാപകർ, സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർ, ക്ലസ്റ്റർ കോ-ഓർഡിനേറ്റർ എന്നിവരെ ബി.ആർ.സി തലത്തിൽ സജ്ജമാക്കാനുള്ള കൂടിച്ചേരൽ സമഗ്രശിക്ഷയ്ക്ക് ആസൂത്രണം ചെയ്യാവുന്നതാണ്.

**<u>പൊതുനിർവ്വഹണവും, സാമ്പത്തികവും</u>**

ഈ പ്രവർത്തനങ്ങളുടെ നടത്തിപ്പ് വിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ ആയിരിക്കും. നടത്തിപ്പിന്റെ എല്ലാ തലത്തിലുമുള്ള ക്രമീകരണ ചുമതല സമഗ്ര ശിക്ഷ കേരളത്തിനാണ്. അതോടൊപ്പം പഠനോത്സവുമായി ബന്ധപ്പെട്ട ധനവിനിയോഗം നടത്തേണ്ട ചുമതല സമഗ്രശിക്ഷ കേരളം വഹിക്കേണ്ടതാണ്.

**സമയക്രമീകരണം**

| ക്രമനമ്പർ | ഇനം | തീയതി |
|---|---|---|
| 1 | സംസ്ഥാനതല പരിശീലനം | ജനുവരി -ഫെബ്രവരി |
| 2 | ജില്ലാതല ഉദ്യോഗസ്ഥ യോഗം, ജില്ലാ വിദ്യാഭ്യാസ സമിതി | ഫെബ്രവരി മാസം |
| 3 | വീഡിയോ കോൺഫറൻസ് | ജനുവരി 28 (നടന്നുകഴിഞ്ഞു) |

| | | |
|---|---|---|
| 4 | ജില്ലാ തല പരിശീലനം | ഫെബ്രവരി മാസം |
| 5 | പ്രഥമാധ്യാപകരുടെ യോഗം | ഫെബ്രവരി മാസം |
| 6 | സ്കൂൾ തല ആസൂത്രണം | ഫെബ്രവരി മാസം |
| 7 | സ്കൂൾ തല സംഘാടകസമിതി രൂപീകരണം | ഫെബ്രവരി മാസം |
| 8 | സംഘാടന പ്രവർത്തനങ്ങൾ | ഫെബ്രവരി മാസം |
| 9 | സംസ്ഥാനതല ഉദ് ഘാടനം | ഫെബ്രവരി-മാർച്ച് മാസങ്ങളിൽ |
| 10 | ജില്ല, ഉപജില്ല, പഞ്ചായത്ത് തല ഉദ് ഘാടനങ്ങൾ | ഫെബ്രവരി-മാർച്ച് മാസങ്ങളിൽ |
| 11 | പഠനോത്സവം | ഫെബ്രവരി അവസാന വാരം മുതൽ |

**പഠനോത്സവത്തുടർച്ച**

- പഠനോത്സവം എന്നത് ഒറ്റത്തവണയായി നടത്തിത്തീർക്കേണ്ട പ്രവർത്തനമല്ല. ഇതിന് തുടർച്ച വേണം. ഒന്നാം ഘട്ടം എല്ലാ സ്കൂളിലും രണ്ടാഴ്ച കൊണ്ട് പൂർത്തീകരിക്കുന്ന കുട്ടികളുടെ പഠനത്തെളിവുകളുടെ അവതരണമാണ്.

- പ്രവേശനോത്സവം വരെ നീണ്ടിനിൽക്കുന്നതാണ് അടുത്ത ഘട്ടം. മതിയായ എണ്ണം കുട്ടികളില്ലാത്ത ഒട്ടനവധി വിദ്യാലയങ്ങളുണ്ട്. ഈ അവസ്ഥ മാറ്റാനുള്ള ബോധപൂർവ്വമായ പ്രവർത്തനം ഉണ്ടാകണം. സമൂഹത്തിന്റെ വിശ്വാസം നേടിക്കൊണ്ടേ ഈ വിദ്യാലയങ്ങളുടെ നിലവിലുള്ള അവസ്ഥ മാറ്റിയെടുക്കാൻ കഴിയൂ. ഇതിനായി 23-01-2020 ലെ സ.ഉ(സാധാ)നം. 450/2020/പൊ.വി.വ യിൽ കൊടുത്ത നിർദേശങ്ങൾ പാലിക്കണം.

- തദ്ദേശഭരണാടിസ്ഥാനത്തിൽ തയ്യാറാക്കുന്ന കർമ്മപദ്ധതിക്കനുസരിച്ച് മതിയായ എണ്ണം കുട്ടികളില്ലാത്ത വിദ്യാലയങ്ങളിലേക്കുള്ള എൻറോൾമെന്റ് ക്യാമ്പയിൻ മാർച്ച് മാസത്തോടെ ആരംഭിക്കണം. അതിനായി നടത്തുന്ന ആസൂത്രണത്തിന്റെ വിലയിരുത്തൽ ക്ലസ്റ്റർ അടിസ്ഥാനത്തിൽ സമയബന്ധിതമായി നടക്കണം.

- ഇക്കാര്യങ്ങൾ കൃത്യമായ നടക്കുന്നു എന്നുറപ്പാക്കാനുള്ള ചുമതല എ.ഇ.ഒ, ബി.പി.ഒ, ഡയറ്റ് ഫാക്കൽറ്റി അംഗം എന്നിവരടങ്ങിയ സമിതിക്കായിരിക്കും . ഇതിന്റെ ഏകോപന ചുമതല എ.ഇ.ഒ.വിനായിരിക്കും.

- എല്ലാ പ്രവർത്തനങ്ങളിലും തദ്ദേശഭരണസ്ഥാപനങ്ങൾ ജനപ്രതിനിധികൾ, പൂർവ്വവിദ്യാർത്ഥികൾ, രക്ഷിതാക്കൾ, പൊതുസമൂഹം എന്നിവരുടെ പങ്കാളിത്തം ഉറപ്പാക്കണം.

**സംഘടനാ സംവിധാനവും ചുമതലകളും**

23-01-2020ലെ സ.ഉ.(സാധാ)നം.450/2020/പൊ.വി.വ പ്രകാരം ആയിരിക്കും

പഠനോത്സവത്തിന്റെ തുടർ പ്രവർത്തനങ്ങൾക്കായുള്ള സംഘാടനവും ചുമതലകളും.

പഠനോത്സവ തുടർപ്രവർത്തനങ്ങൾ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ എല്ലാ ഏജൻസികളും ഒന്നു ചേർന്ന് നടത്തുന്ന പദ്ധതിയാണ്. ഈ പ്രവർത്തനങ്ങൾ നടത്തുന്നതിനാവശ്യമായ ക്രമീകരണങ്ങൾ ചെയ്യാനുള്ള ചുമതല – സാമ്പത്തികമടക്കം– സമഗ്രശിക്ഷ കേരളത്തിനാണ്. നടത്തിപ്പ് ചുമതല വിവിധ തലങ്ങളിലുള്ള സമിതികൾക്കായിരിക്കും. നടക്കുന്ന പ്രവർത്തനങ്ങൾ ചുമതലപ്പെട്ടവർ അതത് ഘട്ടങ്ങളിൽ ഉപരിതലങ്ങളിലേക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്. പഠനോത്സവവും തുടർപ്രവർത്തനങ്ങളും ഈ സർക്കുലറിൽ സൂചിപ്പിച്ച പ്രകാരം ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥരും സമയബന്ധിതമായി നടത്തേണ്ടതാണ്.

------------------------